**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1234** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അറ്റകുറ്റപ്പണി, റീ ടാറിങ്ങ്, സൈഡ് പ്രൊട്ടക്ഷൻ, ഭിത്തി കെട്ടൽ, അഴുക്കുചാൽ നിർമ്മാണം എന്നിവ സംബന്ധിച്ച് നിലവിൽ ഏതൊക്കെ പ്രപ്പോസലുകൾ ഉണ്ടെന്നും അവയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ? | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം താഴെ പറയുന്നവയാണ്.<br><br>1) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ് ചെയിനേജ് 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകിയിരുന്നു. പിന്നീട് കിഫ്ബി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ 54.29 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള റോഡ് ഫണ്ട് ബോർഡ് സൂക്ഷ്മപരിശോധന നടത്തി വരുന്നു. ഈ റോഡിലെ മൺസൂൺ സംബന്ധിച്ച പ്രവൃത്തികൾക്കായി 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ സാമ്പത്തിക അനുമതിനൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>2) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് ഫേസ്-2 പ്രവൃത്തിക്ക് 23.11 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുകയും 16.35 കോടി രൂപയുടെ കരാർ അംഗീകരിക്കുകയും ചെയ്തു. M/s Malabar Tech എന്ന കരാർ കമ്പനിയുമായി കരാർ ഉടമ്പടി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3) പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിനു കീഴിൽ 2023-24 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പാലക്കാട്-പൊന്നാനി റോഡിലെ ഒരു വർഷത്തെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾക്കായി 99.97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തിയുടെ മൊത്തം കിലോമീറ്ററിൽ വ്യത്യാസം വന്നത് കാരണം പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 4) നിരത്തുകൾ വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അറ്റകുറ്റപ്പണി, റീടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ, ഭിത്തി കെട്ടൽ, അഴുകുചാൽ നിർമ്മാണം എന്നിവ സംബന്ധിച്ച പ്രവർത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl NO. | Name fo Work | Status |
|---|---|---|
| 1 | **GENERAL-Road safety works to Palakkad Ponnani road km 22/000 to45/000 coming under the Road section ottapalam in Palakkad dist.-WORK-General Civil Work** | സർക്കാരിന്റെ പരിഗണനയിലും ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിശോധനയിലുമാണ്. |
| 2 | **Reconstruction of collapsed wall at Palode km 2/00 LHS of Nttukal-Kadampazhippuram road-Estimate amount-6 Lakhs** | സർക്കാർ പരിഗണിച്ചുവരുന്നു. |